LIBRARY ARCHIVES Kerala Legislative Assembly

തെങ്ങിൻ തടി ഉപയോഗിച്ചുള്ള ഫർണിച്ചർ നിർമ്മാണം

133(402) ശ്രീ. സന്ദീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെങ്ങിൻ തടി ഉപയോഗിച്ചുള്ള ഫർണിച്ചർ വ്യവസായം ആരംഭിക്കുമെന്ന പ്രകടനപത്രികാ വാഗ്ദാനം നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ടോ;

&

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

തെങ്ങിൻ തടി ഉപയോഗിച്ചുള്ള ഫർണിച്ചർ വ്യവസായം ആരംഭിച്ചിട്ടില്ല.

കണ്ണന്ത്ര വ്യവസായ പാർക്ക് ഭൂമി ഏറ്റെടുക്കൽ

134(403) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയിലെ പാലക്കാട് ജില്ലയിലെ തരൂർ മണ്ഡലത്തിൽ ഉൾപ്പെടുന്ന കണ്ണന്ത്ര വ്യവസായ പാർക്ക് ഭൂമി ഏറ്റെടുക്കൽ നടപടിയുടെ പുരോഗതി അറിയിക്കാമോ?

കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ ഒരു നോഡായി വികസിപ്പിക്കാനുദ്ദേശിക്കുന്ന പാലക്കാട് നോഡിൽ കണ്ണന്ത്രയിൽ ഏറ്റെടുക്കുന്ന ഭൂമിയുടെ 19(1) Draft Declaration പ്രസിദ്ധീകരിച്ചിട്ടുണ്ട്. Detailed Valuation Statement തയ്യാറാക്കിയിട്ടുണ്ട്. 24-2-2021-ൽ ജില്ലാതല വില നിർണ്ണയ സമിതിയുടെ യോഗം ചേരുകയും അനുമതിക്കായി സംസ്ഥാനതല സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുള്ളതുമാണ്. ഡിസംബർ 2021-ഓടുകൂടി ഭൂമി ഏറ്റെടുക്കുവാൻ വേണ്ട നടപടികൾ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) പ്രസ്തുത വ്യവസായ പാർക്കിൽ ഏതൊക്കെ വിഭാഗത്തിൽപ്പെടുന്ന വ്യവസായ സംരംഭങ്ങളാണ് ആരംഭിക്കുവാൻ പോകുന്നതെന്ന് അറിയിക്കുമോ?

പ്രസ്തുത പാർക്കിൽ ഭക്ഷ്യസംസ്കരണം, മെഡിക്കൽ ഡിവൈസുകൾ, പി.വി.സി. പൈപ്പുകൾ, മെഷിനറി ഉത്പാദനം, പാക്കേജിംഗ്, ലോജിസ്റ്റിക്സ് ഉൾപ്പെടെയുള്ള എല്ലാ പരിസ്ഥിതി സൗഹൃദ വ്യവസായ ഉത്പന്നങ്ങൾക്കും നിക്ഷേപ സാധ്യതയുണ്ട്.

(സി) പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ പ്രത്യക്ഷമായും പരോക്ഷമായും എത്ര പേർക്ക് തൊഴിൽ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ ഒരു നോഡായി വികസിപ്പിക്കാനുദ്ദേശിക്കുന്ന പാലക്കാട് നോഡിൽ ഉൾപ്പെടുന്ന കണ്ണമ്പ്ര, ഒഴലപ്പതി, പുതുശ്ശേരി-I, പുതുശ്ശേരി-II, കൊച്ചിയിലെ GIFT City എന്നിവയിൽ ആകെ 10,000 കോടി രൂപയുടെ നിക്ഷേപവും പ്രത്യക്ഷത്തിൽ 20,000 പേർക്കും പരോക്ഷമായി 80,000 പേർക്കും തൊഴിലവസരങ്ങൾ ലഭിക്കുമെന്നാണ് കണക്കാക്കപ്പെടുന്നത്.

കൊച്ചി-ബാംഗ്ലൂർ വ്യാവസായിക ഇടനാഴി

135(404) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെകാണുന്ന ചോദ്യത്തിന് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 -ൽ ആരംഭിച്ച കൊച്ചി - ബാംഗ്ലൂർ വ്യാവസായിക ഇടനാഴിയുടെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിവരം ലഭ്യമാക്കുമോ; നാളിതുവരെ എത്രകോടി രൂപ ഈ പദ്ധതിക്കായി സംസ്ഥാന സർക്കാർ ചെലവഴിച്ചു എന്നത് ഇനം തിരിച്ച് വ്യക്തമാക്കുമോ?

കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി പദ്ധതി സമയബന്ധിതമായി യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ സർക്കാർ നടത്തിവരുന്നുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി പാലക്കാടിനെ ഒരു നോഡായി വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ, കൊച്ചിയിൽ ഗ്ലോബൽ ഇൻഡസ്ട്രിയൽ ആൻഡ് ഫിനാൻഷ്യൽ ടേഡ് സിറ്റി (GIFT) വികസിപ്പിക്കുന്നതിനും പദ്ധതി വിഭാവന ചെയ്യുന്നുണ്ട്. പാലക്കാട്, കണ്ണമ്പ്ര, പുതുശ്ശേരി സെൻടൽ, ഒഴലപ്പതി, പുതുശ്ശേരി സെൻടൽ & ഈസ്റ്റ് എന്നീ സ്ഥലങ്ങളിൽ 1720 ഏക്കർ ഭൂമി കണ്ടെത്തുകയും, പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ ജില്ലാ റവന്യൂ അധികാരികളുടെ നേതൃത്വത്തിൽ പുരോഗമിച്ചുവരികയും ചെയ്യുന്നു. ഡിസംബർ 2021 ഓടുകൂടി ഭൂമി ഏറ്റെടുക്കുവാൻവേണ്ട നടപടികൾ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ ഭാഗമായി കൊച്ചിയിൽ സ്ഥാപിക്കുന്ന ഗിഫ്റ്റ് സിറ്റിക്ക് എറണാകുളം ജില്ലയിലെ അയ്യമ്പുഴയിൽ 220 Hectares (543 ഏക്കർ) ഭൂമി കണ്ടെത്തുകയും പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി നൽകുകയും അതനുസരിച്ചുള്ള തുടർ നടപടികൾ ജില്ലാ റവന്യൂ അധികാരികളുടെ നേതൃത്വത്തിൽ പുരോഗമിച്ചുവരികയും ചെയ്യുന്നു. ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട സാമൂഹികാഘാത പഠനം പുരോഗമിച്ചുവരുന്നു. ഇതുമായി ബന്ധപ്പെട്ട് പബ്ലിക് ഹിയറിംഗ് നിശ്ചയിച്ചിരുന്നെങ്കിലും കോവിഡ് പ്രതിസന്ധി കാരണം ഹിയറിംഗ് മാറ്റിവച്ചിരിക്കുകയാണ്. എന്നിരുന്നാലും ടി പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൊച്ചി - ബാംഗ്ലൂർ വ്യവസായ ഇടനാഴി പദ്ധതിക്കായി KSIDC മുഖേന ഇതുവരെ 3.599 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു. Particulars Amount (in